കേൾക്കേണ്ട ശബ്ദം:

രാവിലെ എഴുന്നേറ്റ് പക്ഷിവേട്ടക്ക് പോവുന്നതുപോലെ അവാർഡ് വേട്ടക്ക് പോവുന്നവരല്ലേ നമ്മുടെ പല സാഹിത്യകാരൻമാരും. ചിലരുടെയൊക്കെ കൈയിൽ അവാർഡിന്റെ ചാർട്ട് തന്നെയുണ്ട്. – ടി. പത്മനാഭൻ

മക്തബ്

1193 വൃശ്ചികം 20 1439 റ.ഉൽ.അവ്വൽ 16

പാർലമെന്റ് എന്ന ആഢംബര പ്രതീകം

പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം വൈകുന്നതിനെ ചൊല്ലി വലിയ വിവാദം നടക്കുകയും ഒടുവിൽ ഗുജറാത്ത് നിയമസഭ തിരഞ്ഞെടുപ്പ് കഴിഞ്ഞയുടൻ, ശൈത്യകാലം അവസാനിക്കുന്നതിന് മുമ്പ് തന്നെ പാർലമെന്റ് സമ്മേളനം ചേരാൻ തീരുമാനിക്കുകയും ചെയ്തിരിക്കുകയാണല്ലോ. ഏതായാലും ശൈത്യകാലം രക്ഷപ്പെട്ടു. ഇല്ലായിരുന്നുവെങ്കിൽ ശൈത്യകാലത്തിന് വലിയ അപമാനം വന്ന് ഭവിക്കുമായിരുന്നു!

ശൈത്യകാലത്ത് സമ്മേളനം നടത്തുക എന്നതൊക്കെ ഇനി വലിയ പ്രശ്നമായിരിക്കും. കാരണം ശൈത്യകാലം എന്ന് പറയുന്ന കാലത്ത് നിന്ന് ശൈത്യം അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്. ശൈത്യകാലത്ത് തന്നെ സമ്മേളനം നടക്കണമെന്നുണ്ടെങ്കിൽ പാർലമെന്റിന് ചുറ്റും ഐസ് നിറക്കേണ്ടിവരും. അല്ലെങ്കിൽ തന്നെ പാർലമെന്റ് സമ്മേളനം നടത്തുന്നത് എന്തിന്. കഴിഞ്ഞ കൊല്ലം 70 ദിവസമാണത്രെ പാർലമെന്റ് സമ്മേളിച്ചത്. അത്രയും നല്ലത്. ബത്ത ഇനത്തിലെങ്കിലും കുറച്ചു പണം ലാഭിക്കാമല്ലോ. പാർലമെന്റ് ഇത്രയും ദിവസം തന്നെ സമ്മേളിച്ചിട്ട് എന്തൊക്കെയാണ് നടന്നത്. വെറും ഔപചാരിക ചർച്ചക്കപ്പുറം പാർലമെന്റിൽ ഇപ്പോൾ ഒന്നും സംഭവിക്കാറില്ലായെന്നതാണ് യാഥാർത്ഥ്യം.

പാർലമെന്റിൽ മുമ്പൊക്കെ ഗംഭീര ചർച്ചകൾ നടക്കാറുണ്ടായിരുന്നു. ഓരോ ബില്ലിനെ കുറിച്ചും ഇഴകീറി പരിശോധിക്കുന്ന രീതിയുണ്ടായിരുന്നു. രാഷ്ട്രീയമായ ചർച്ചകൾ നടക്കാറുണ്ടായിരുന്നു. എന്നാൽ ഇന്ന് തെരുവ് പ്രസംഗത്തിനപ്പുറം ഒന്നും പാർലമെന്റിൽ നടക്കുന്നില്ല. ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള വ്യത്യാസം പ്രകടമാകുന്നില്ല. മറിച്ച് ഇപ്പോൾ സമവായത്തോടെ കാര്യങ്ങൾ പരിഹരിക്കാനാണ് ശ്രമം. അതിലൂടെ സംഭവിക്കുന്നത് ഭരണപക്ഷ രാഷ്ട്രീയം വിജയിക്കുന്നുവെന്നതാണ്. ജി.എസ്.ടിയുടെ കാര്യത്തിൽ സംഭവിച്ചത് അതാണ്. ഭരണ-പ്രതിപക്ഷങ്ങളുടെ സമവായത്തോടെയാണ് ജി.എസ്.ടി പാസാക്കിയെടുത്തത്. പാർലമെന്റിൽ തമിഴ്നാട്ടിലെ എ.ഐ.എ.ഡി.എം.കെ അംഗങ്ങൾ മാത്രമാണ് ജി.എസ്.ടിയെ എതിർത്ത് വോട്ടു ചെയ്തത്. അത് തമിഴ് ദേശീയ വികാരം പേറുന്ന സംഘടനയാണ് എ.ഐ.എ.ഡി.എം.കെ എന്നതിനാലാണ്. ജി.എസ്.ടി തമിഴ്നാട് സംസ്ഥാനത്തിന്റെ വരുമാനത്തിൽ വൻ ഇടിവുണ്ടാക്കുമെന്ന് എ.ഐ.എ.ഡി.എം.കെ തിരിച്ചറിഞ്ഞിരുന്നു. കാരണം ജി.എസ്.ടിയിൽ ഉൽപ്പാദനമേഖലക്ക് നികുതി കുറവും വിതരണ മേഖലക്ക് നികുതി കൂടുതലുമാണ്. ഉൽപ്പാദക സംസ്ഥാനമായ തമിഴ്നാടിന്റെ നികുതി വരുമാനത്തിൽ ഇടിവുണ്ടാകുമെന്ന തിരിച്ചറിവാണ് പ്രതിഷേധത്തിന് ഇടയാക്കിയത്.

എന്നാൽ കേന്ദ്ര-സംസ്ഥാന ബന്ധത്തിൽ പൊളിച്ചെഴുത്ത് വേണമെന്ന് ഏറെക്കാലമായി ആവശ്യപ്പെട്ടുവന്നിരുന്ന, ഫെഡറൽ സംവിധാനം യാഥാർത്ഥ്യമാക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ട, സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം വേണമെന്ന് ആവശ്യപ്പെട്ട, ഇടതുപക്ഷം ഫെഡറൽ സംവിധാനത്തെ തകർക്കുന്ന ജി.എസ്.ടിക്ക് എതിരേ വോട്ടുചെയ്തില്ലായെന്നത് ശ്രദ്ധിക്കണം. മുഖ്യപ്രതിപക്ഷമായ കോൺഗ്രസും എതിർത്ത് വോട്ടുചെയ്തില്ല. അതിന് ഒരു കാരണവുമുണ്ട്. ജി.എസ്.ടിയെ കുറിച്ച് ആദ്യ ആലോചന നടത്തിയത് കോൺഗ്രസ് കേന്ദ്രം ഭരിക്കുമ്പോഴായിരുന്നു.

സുപ്രധാന വിഷയങ്ങളിൽ എല്ലാം ഈ രീതിയിലുള്ള ഒത്തുതീർപ്പാണ് നടന്നുകൊണ്ടിരിക്കുന്നത്. 1991ൽ നരസിംഹറാവു സർക്കാർ പുത്തൻ സാമ്പത്തിക നയം അവതരിപ്പിച്ചപ്പോൾ ഇടതുപക്ഷം അതിനെ എതിർത്ത് വോട്ടു ചെയ്തിരുന്നില്ല. പകരം പാർലമെന്റിൽ നിന്ന് ഇറങ്ങിപോവുകയായിരുന്നു. അതിലൂടെ ഒരു എതിർപ്പുമില്ലാതെ, പാർലമെന്റിൽ പുത്തൻ സാമ്പത്തികനയം പാസാക്കിയെടുക്കാൻ കഴിഞ്ഞു. പാർലമെന്റിൽ ഈ ഐക്യം പ്രകടമായി. ഫലത്തിൽ സുപ്രധാന വിഷയങ്ങളിൽ സമവായം എന്ന തന്ത്രം ഭരണപക്ഷം എത്രയോ കാലമായി പയറ്റികൊണ്ടിരിക്കുകയാണ്. പ്രതിപക്ഷം അതിന് അനുകൂലമായ നിലപാടും സ്വീകരിക്കുന്നു. ഒരു തരം അഡ്ജസ്റ്റ്മെന്റാണ് നടന്നു കൊണ്ടിരിക്കുന്നത്. പക്ഷങ്ങൾ തമ്മിൽ ഐക്യപ്പെടുന്ന ഈയൊരു അവസ്ഥ പാർലമെന്ററി രാഷ്ട്രീയത്തിന് സംഭവിച്ച വലിയ അപചയമാണ്.

ഈ അപചയം യാദൃശ്ചികമായി സംഭവിച്ചതല്ല. മറിച്ച് നവ ഉദാരവൽക്കരണ രാഷ്ട്രീയം പാർലമെന്റിനെ കേവലം ഔപചാരിക സംവിധാനമായി ഒതുക്കുകയാണ്. പാർലമെന്റിന്റെ അധികാരങ്ങൾ തന്നെ കുറഞ്ഞുവരികയാണ്. കാര്യങ്ങൾ പാർലമെന്റിന് പുറത്താണ് തീരുമാനിക്കപ്പെടുന്നത്. അതുകൊണ്ടാണ് പാർലമെന്റിനെ നോക്കുകുത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് 500, 1000 രൂപ നോട്ടുകൾ അസാധുവാക്കി പ്രഖ്യാപിക്കാൻ കഴിഞ്ഞത്. ആരാണ് ഈ തീരുമാനത്തിന് പിറകിലെന്ന് വ്യക്തമാണ്. പാർലമെന്റിൽ ഹാജരാകാതെ പ്രധാനമന്ത്രിക്ക് ഊരുചുറ്റി നടക്കാൻ കഴിയുന്നതും പാർലമെന്റിന് വലിയ പ്രസക്തിയൊന്നും ഇല്ലെന്ന് അദേഹത്തിന് നന്നായി അറിയാവുന്നത് കൊണ്ടാണ്. അതുകൊണ്ട് പാർലമെന്റ് ശൈത്യകാല സമ്മേളനം വൈകിപ്പിക്കരുത്, ഒരു വർഷം ഇത്ര ദിവസം പാർലമെന്റ് സമ്മേളിക്കണം തുടങ്ങിയ ആവശ്യങ്ങൾ അസംബന്ധമായി മാറുകയാണ്.

അള്ളാംകുളം നൂറുൽ ഇസ്ലാം മദ്രസയുടെ നേതൃത്വത്തിൽ നടന്ന നബിദിനറാലി

മലബാർ അപ്പാർട്ട്മെന്റ്സിന്റെ വെഞ്ചെരിപ്പ് നിർവഹിച്ചു

ആലക്കോട്: ആലക്കോട് ടൗണിന്റെ ഹൃദയഭാഗത്തായി കൊട്ടാരം റോഡിൽ ആധുനിക സൗകര്യങ്ങളോടെ പൂർത്തീകരിച്ച മലബാർ അപ്പാർട്ട്മെന്റ്സിന്റെ വെഞ്ചെരിപ്പ് കർമ്മം ആലക്കോട് സെന്റ് മേരീസ് ഫൊറോന വികാരി ഫാ. ആന്റണി ആനക്കല്ലിൽ നിർവഹിച്ചു. വിശാലമായ ഹാൾ, അറ്റാച്ച്ഡ് ബെഡ്റൂമുകൾ, ഫുള്ളി ഫർണീഷ്ഡ് അടുക്കള, പാർക്കിംഗ് ഏരിയ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളോട് കൂടിയതും, ഓരോന്നിനും ആയിരം സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ളതുമായ ആറ് ഭവനങ്ങളാണ് അപ്പാർട്ട്മെന്റിലുള്ളത്. ഉപഭോക്താക്കൾ ആഗ്രഹിക്കുന്ന എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുള്ളതായി മാനേജ്മെന്റ് അറിയിച്ചു. ബുക്കിംഗിനും വിശദവിവരങ്ങൾക്കും ഫോൺ: 8547716508, 9846044833.

ആലക്കോട് മലബാർ അപ്പാർട്ട്മെന്റ്സിന്റെ വെഞ്ചെരിപ്പ് കർമ്മം ഫാ. ആന്റണി ആനക്കല്ലിൽ നിർവഹിക്കുന്നു

പി.എഫ് ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു

കണ്ണൂർ: കേരള സോഷ്യലിസ്റ്റ് എംപ്ലോയീസ് പി.എഫ് ആക്ഷൻ കമ്മിറ്റി രൂപീകരണ യോഗം ഇന്ത്യാ ഹൗസിൽ ചേർന്നു. പള്ളിപ്രം പ്രസന്നൻ സ്വാഗതം പറഞ്ഞു. കൊറ്റ്യാൽ കൃഷ്ണൻ അധ്യക്ഷത വഹിച്ചു. അരുണു അതിയടത്ത് ഉദ്ഘാടനം ചെയ്തു. ഇ.ഗോപിനാഥൻ പിള്ള, എ.രാജൻ, ഉമ്മർ ശാദുലി, പി.പി.ബാലൻ, ടി.പി.ദാമോദരൻ, പി.ജയപ്രകാശ്, എം.പി.രാധാകൃഷ്ണൻ, എം.രാമൻ പ്രസംഗിച്ചു. ചടങ്ങിൽ കേരള സോഷ്യലിസ്റ്റ് എംപ്ലോയീസ് പി.എഫ് ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു. പി.എഫ് വരിക്കാരായവരെയും പെൻഷൻകാരെയും സംസ്ഥാനടിസ്ഥാനത്തിൽ അംഗത്വം എടുപ്പിക്കാൻ തീരുമാനിച്ചു. പി.എഫ് പെൻഷൻ 6000 രൂപയാക്കുകയും പെൻഷൻ നിർണ്ണയിക്കുന്നതിലെ പോരായ്മകൾ പരിഹരിച്ച് ഇന്നത്തെ ജീവിത നിലവാരത്തിന് അനുസൃതമായ പെൻഷൻ നൽകണമെന്നും പെൻഷൻ നിശ്ചയിച്ച അശാസ്ത്രീയ രീതി തിരുത്തി കേന്ദ്ര സർക്കാർ നയപരമായ സമീപനമെടുക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

പെയിന്റിംഗ്, പ്രസംഗ മൽസരങ്ങൾ

കണ്ണൂർ: മനുഷ്യാവകാശ ദിനാചരണത്തിന്റെ ഭാഗമായി സോഷ്യൽ ആക്ഷൻ ഫോർ കമ്മ്യൂണൽ ഹാർമണി (സച്ച്) പത്തിന് കോളേജ് ഓഫ് കൊമേഴ്സിൽ എൽ.പി, യു.പി, ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് 'നാമൊന്ന്' എന്ന വിഷയത്തിൽ പെയ്ന്റിംഗ് മൽസരവും ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് മനുഷ്യാവകാശങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ പ്രസംഗ മൽസരവും നടത്തും. വിജയികൾക്ക് പുരസ്കാരങ്ങൾ നൽകും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 9446457170 നമ്പറിൽ പേർ നൽകണം.

എസ്.വൈ.എസ് സ്നേഹവിരുന്ന് സംഘടിപ്പിച്ചു

കണ്ണൂർ: 'മുത്ത്നബി മാനവിക മാതൃക' എന്ന പേരിൽ കേരള മുസ്ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന മീലാദ് കാമ്പയിനിന്റെ ഭാഗമായി എസ്.വൈ.എസ് കണ്ണൂർ ജില്ലാ കമ്മിറ്റി ജില്ലയിലെ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ സ്നേഹവിരുന്ന് സംഘടിപ്പിച്ചു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഉച്ചഭക്ഷണം നൽകുകയാണ് പദ്ധതി. കണ്ണൂർ ജില്ലാ ആശുപത്രി, തളിപ്പറമ്പ്, പയ്യന്നൂർ, കൂത്തുപറമ്പ് താലൂക്ക് ആശുപത്രി, ഇരിട്ടി എന്നിവിടങ്ങളിലെ താലൂക്ക് ആശുപത്രികൾ, പള്ളൂർ ഗവ. ഹോസ്പിറ്റൽ, മയ്യിൽ കമ്മ്യൂമിറ്റി ഹെൽത്ത് സെന്റർ, ചക്കരക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൃപാഭവൻ പേരാവൂർ എന്നിവിടങ്ങളിൽ സ്നേഹവിരുന്ന് സംഘടിപ്പിച്ചു.

കണ്ണൂർ ആശുപത്രിയിൽ നടന്ന ഉദ്ഘാടനം കെ.എം.അബ്ദുല്ലക്കുട്ടി ബാഖവിയുടെ അധ്യക്ഷതയിൽ മുൻ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.റഹീം ഉദ്ഘാടനം ചെയ്തു. കേരള മുസ്ലിം ജമാഅത്ത് സംസ്ഥാന വൈസ് പ്രസിഡണ്ട് മുഹമ്മദലി ഹാജി, ആർ.പി.ഹുസൈൻ മാസ്റ്റർ, യൂസുഫ് ഹാജി നൂഞ്ഞേരി, അബ്ദുറസാഖ് മാണിയൂർ, റിയാസ് കക്കാട്, അമീർ ശ്രീകണ്ഠപുരം, ഹാഷിം കണ്ണപുരം, ഉമർ പട്ടുവം, ഉമർ ഹാജി കാടാച്ചിറ, അബ്ദുറഹീം മലേഷ്യ പ്രസംഗിച്ചു.

തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിൽ നടന്ന ചടങ്ങിൽ യു.കെ. ബഷീർ സഅദി നുച്യാടിന്റെ അധ്യക്ഷതയിൽ മുനിസിപ്പൽ ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി നിസാർ അതിരകം, ഹഖീം സഖാഫി പ്രസംഗിച്ചു.

തലശേരി ജനറൽ ആശുപത്രി, കൂത്തുപറമ്പ്, ഇരിട്ടി താലൂക്ക് ആശുപത്രി, മയ്യിൽ, ചക്കരക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൃപാഭവൻ പേരാവൂർ എന്നിവിടങ്ങളിൽ നടന്ന പരിപാടിയിൽ യഥാക്രമം മുനിസിപ്പൽ ചെയർമാൻ സി.കെ.രമേശൻ, എം.സുകുമാരൻ, ഡോ.രവീന്ദ്രൻ മെഡിക്കൽ ഓഫീസർ ഇരിട്ടി, എസ്.ഐ ബാബു മയ്യിൽ, മോഹനൻ, ബ്ലോക്ക് വൈസ് പ്രസിഡണ്ട് ഷാജി എന്നിവർ ഉദ്ഘാടനം ചെയ്തു.

അരങ്ങത്ത് ജനകീയ വികസന സമിതി രൂപീകരിച്ചു

ആലക്കോട്: അരങ്ങം ചിന്മയ മിഷൻ കോളനി പരിസരത്തെ 20 ഓളം കുടുംബങ്ങളെ ഉൾപ്പെടുത്തി ജനകീയ വികസന സമിതി രൂപീകരിച്ചു. ചെയർമാനായി കെ.ആർ.സുരേന്ദ്രൻ മാസ്റ്ററെയും കൺവീനറായി എം.പി.ബിജുവിനെയും തിരഞ്ഞെടുത്തു. കെ.ജി.രാമചന്ദ്രൻ, പി.ഡി.രാധാകൃഷ്ണൻ എന്നിവരെ രക്ഷാധികാരികളായി തിരഞ്ഞെടുത്തു. ദീപേഷ് മാസ്റ്റർ, അജിത രാജൻ, ജലജ നാരായണൻ, തോമസ് അഗസ്റ്റിൻ, രഞ്ജിത്ത് താന്നിക്കുഴി, സജിത് പ്രേമചന്ദ്രൻ പ്രസംഗിച്ചു. അരങ്ങം പ്രദേശത്ത് അനധികൃതമായി നടന്നു വരുന്ന കഴൽകിണർ നിർമ്മാണം തടയുന്നതിന് അധികൃതർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ജലക്ഷാമം പരിഹരിക്കുന്നതിന് ജലനിധി പൈപ്പ് കണക്ഷൻ പ്രദേശത്തെ ആവശ്യക്കാരായ മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കണമെന്നും ജനകീയ വികസന സമിതി യോഗം ആവശ്യപ്പെട്ടു. ജലക്ഷാമം രൂക്ഷമാക്കുന്ന വിധത്തിലുള്ള കുഴൽ കിണർ നിർമ്മാണത്തിനെതിരെ ജനകീയ പ്രക്ഷോഭം ആരംഭിക്കുന്നതിനും തീരുമാനിച്ചു.

പാവപ്പെട്ടവന്റെ സ്വപ്നം ബൈത്തുറഹ്മയിലൂടെ പൂർത്തിയാകുന്നു: സ്വാബിഖലി തങ്ങൾ

ഖത്തർ കെ.എം.സി.സി തളിപ്പറമ്പ നിയോജക മണ്ഡലം കമ്മിറ്റി നിർമ്മിച്ച കൊങ്ങായി മുസ്തഫ കാരുണ്യഭവനത്തിന്റെ താക്കോൽദാനം പാണക്കാട് സ്വാബിഖലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

തളിപ്പറമ്പ: ജാതിയോ, മതമോ രാഷ്ട്രീയമോ നോക്കാതെ പാവപ്പെട്ടവനാവശ്യമായ സേവനങ്ങളാണ് മുസ്ലിംലീഗും കെ.എം.സി.സി അടക്കമുള്ള പോഷക സംഘടനകളും ചെയ്യുന്നതെന്ന് പാണക്കാട് സ്വാബിഖലി ശിഹാബ് തങ്ങൾ. അതൊരിക്കലും വോട്ട്ബാങ്കിനായുള്ള രാഷ്ട്രീയമല്ല. ഒരിക്കലും നടക്കില്ലെന്ന് കരുതിയ പാവപ്പെട്ടവന്റെ സ്വപ്നങ്ങൾ ബൈത്തുറഹ്മയിലൂടെയും സി.എച്ച് സെന്റർ സ്ഥാപനങ്ങളിലൂടെയും യാഥാർത്ഥ്യമാക്കുകയാണെന്ന് തങ്ങൾ പറഞ്ഞു. ഖത്തർ കെ.എം.സി.സി തളിപ്പറമ്പ് നിയോജക മണ്ഡലം കമ്മിറ്റി നിർമ്മിച്ച കൊങ്ങായി മുസ്തഫ കാരുണ്യഭവനത്തിന്റെ താക്കോൽദാനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു തങ്ങൾ. കാരുണ്യഭവനം നിർമ്മിക്കാൻ സ്ഥലം വിട്ടുനൽകിയ പി.പി.ഉസ്മാനെ തങ്ങൾ അനുമോദിച്ചു. വീടിന്റെ രേഖകൈമാറ്റം മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടേറിയറ്റംഗം കെ.വി.മുഹമ്മദ്കുഞ്ഞി നിർവഹിച്ചു. ഖത്തർ കെ.എം.സി.സി ജില്ലാ ആക്ടിംഗ് പ്രസിഡണ്ട് ഹനീഫ ഏഴാംമൈൽ അധ്യക്ഷത വഹിച്ചു. മുസ്ലിംയൂത്ത്ലീഗ് സംസ്ഥാന സെക്രട്ടറി അൻവർ സാദത്ത് പാലക്കാട് മുഖ്യപ്രഭാഷണം നടത്തി. ഖത്തർ കെ.എം.സി.സി കുപ്പം എം.എം. യു.പി സ്കൂളിന് നൽകുന്ന കുടിവെള്ള പദ്ധതി ഉദ്ഘാടനം തളിപ്പറമ്പ് നഗരസഭാ ചെയർമാൻ മഹമൂദ് അള്ളാംകുളം നിർവഹിച്ചു. കാരുണ്യഭവനം രൂപകൽപ്പന ചെയ്ത എഞ്ചിനീയർ റഹീസ് ശാന്തിഗിരിയെ മുസ്ലിംയൂത്ത്ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ.സുബൈർ ആദരിച്ചു. കെ.കെ.മായിൻ, പി.എ.മൊയ്തീൻ ഹാജി, യാക്കൂബ് കയ്യങ്കോട് എന്നിവരെ കെ.എം.സി.സി നേതാവ് മുഹമ്മദ് പൂന്തോട്ടം ആദരിച്ചു. സി.പി.വി.അബ്ദുല്ല, പി.മുഹമ്മദ് ഇഖ്ബാൽ, അബ്ദുൽഖാദർ അരിപ്പാമ്പ്ര, അലി മംഗര, ഫൈസൽ ചെറുകുന്നോൻ, കൊടിയിൽ സലീം, പി.പി.മുഹമ്മദ് നിസാർ, റഫീഖ് പറമ്പിൽ, കെ.മുഹമ്മദ്കുഞ്ഞി ഹാജി, പീച്ചാൻ മുസ്തഫ, ഓലിയൻ ജാഫർ, ശിഹാബ് ഖത്തർ, എൻ.യു.ഷഫീഖ്, മാടാളൻ ഹസൻ, എൻ.യു.മുസ്തഫ, കെ.ഷബീർ, എം.സവാദ് പ്രസംഗിച്ചു. മണ്ഡലം കോ-ഓർഡിനേറ്റർ പി.സി.നസീർ സ്വാഗതവും പി.പി.അബ്ദുൾറസാഖ് കുപ്പം നന്ദിയും പറഞ്ഞു.

കരുവഞ്ചാലിൽ നിന്ന് ശബരിമലയിലേക്ക് പുറപ്പെട്ട അയ്യപ്പ ഭക്തൻമാർക്ക് കരുവഞ്ചാൽ ജുമാമസ്ജിദിൽ നൽകിയ യാത്രയയപ്പ്.

അയ്യപ്പ ഭക്തർക്ക് ജുമാമസ്ജിദിൽ യാത്രയയപ്പ് നൽകി

ആലക്കോട്: ശബരിമലയിലേക്ക് പുറപ്പെട്ട അയ്യപ്പ ഭക്തൻമാർക്ക് ജുമാമസ്ജിദിൽ നൽകിയ യാത്രയയപ്പ് വേറിട്ടതായി. കരുവഞ്ചാലിൽ നിന്ന് ശബരിമലയിലേക്ക് യാത്ര തിരിച്ച ഭക്തൻമാർക്കാണ് കരുവഞ്ചാൽ ജുമാമസ്ജിദ് ആഭിമുഖ്യത്തിൽ മഖാം അങ്കണത്തിൽ യാത്രയയപ്പ് നൽകി മതമൈത്രിയുടെ മാതൃകയായത്. ഖത്തീബ് അബ്ദുൾ നാസർ ചിസ്തി, മസ്ജിദ് കമ്മിറ്റി പ്രസിഡണ്ട് ടി. അബൂബക്കർ, ജനറൽ സെക്രട്ടറി എൻ.യു. അബ്ദുള്ള, സയ്യിദ് മുഹമ്മദ്, സി. സെമീർ, സി. റാഫി, ഇ.എം. നൗഫൽ നേതൃത്വം നൽകി.

ജില്ലാ കേരളോത്സവത്തിൽ പങ്കെടുക്കാൻ അനുമതി നിഷേധിച്ചെന്ന്

തളിപ്പറമ്പ: ജില്ലാ കേരളോത്സവത്തിൽ സംഘഗാന മത്സരത്തിൽ പങ്കെടുക്കേണ്ട ടീമിനെ തഴഞ്ഞ് മറ്റൊരു ടീമിന് അവസരം നൽകിയെന്ന് ആരോപണം. പാലകുളങ്ങര പീപ്പിൾ ആർട്സ് ആന്റ് സ്പോർട്സ് ക്ലബിനായിരുന്നു തളിപ്പറമ്പ മുനിസിപ്പൽ കേരളോത്സവത്തിൽ ഒന്നാംസ്ഥാനം ലഭിച്ചത്. ജില്ലാ മത്സരത്തിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുകയും ചെയ്തിരുന്നു. മുനിസിപ്പൽ കേരളോത്സവത്തിൽ പങ്കെടുത്ത് വിജയിക്കുന്നവർക്ക് ജില്ലാതലത്തിലേക്ക് നേരിട്ട് യോഗ്യത ലഭിക്കും. ജില്ലാതലത്തിൽ പങ്കെടുക്കാനാവശ്യമായ രേഖകൾ പീപ്പിൾ ക്ലബ് ഭാരവാഹികൾ ഹാജരാക്കാൻ മുനിസിപ്പൽ ഓഫീസിലെത്തിയപ്പോൾ ഹാജരാക്കേണ്ട സമയം അവസാനിച്ചെന്ന് പറഞ്ഞ് മറ്റൊരു ടീമിന് അവസരം നൽകുകയായിരുന്നത്രെ. കൃത്യസമയത്ത് തന്നെ രേഖകൾ ഹാജരാക്കിയിരുന്നെന്നും പീപ്പിൾ ക്ലബിന്റെ കൂടെ മറ്റൊരു ക്ലബിന് കൂടി മുനിസിപ്പൽ കേരളോത്സവത്തിൽ ഒന്നാം സ്ഥാനം പങ്കിട്ട് നൽകിയിരുന്നെന്നും ഒന്നംസ്ഥാനം പങ്കിട്ട് നൽകിയത് വിധികർത്താക്കളുടെ ഭാഗത്ത് നിന്നുണ്ടായ പിഴവാണെന്നും പീപ്പിൾ ക്ലബ് ഭാരവാഹികൾ ആരോപിച്ചു. കൂടാതെ, പട്ടുവം, കുറുമാത്തൂർ തുടങ്ങിയ സ്ഥലങ്ങളിലെ കുട്ടികൾ തളിപ്പറമ്പ മുനിസിപ്പൽ കേരളോത്സവത്തിൽ മത്സരിച്ചിരുന്നത്രെ. ക്ലബ് സെക്രട്ടറി സത്യദാസ്, പ്രസിഡണ്ട് വിപിൻ ബോസ്, എം.വി.ജനാർദ്ദനൻ തുങ്ങിയവർ തളിപ്പമ്പ മുനിസിപ്പൽ ചെയർമാൻ അള്ളാംകുളം മഹമൂദിനെ നേരിൽകണ്ട് ഇക്കാര്യങ്ങൾ ഉന്നയിച്ചു.

വൈദ്യുതി അറ്റകുറ്റ പണികൾക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കണം

കണ്ണൂർ: വൈദ്യുതി വകുപ്പിലെ ഫീൽഡ് പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയലുകൾ ഉടൻ ലഭ്യമാക്കണമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. മെറ്റീരിയൽ ക്ഷാമം മൂലം വൈദ്യുതി മേഖലയിലെ നിർമ്മാണ അറ്റകുറ്റ പണികൾ സ്തംഭിച്ചിരിക്കുകയാണ്. തടസപ്പെട്ട പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ ലഭ്യമാക്കി സുഗമമായ പ്രവർത്തനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ അധികൃതർ ജാഗ്രത കാണിക്കേണ്ടതായിട്ടുണ്ടെന്നും യോഗം ആവശ്യപ്പെട്ടു.

യോഗത്തിൽ കെ. മോഹനൻ അധ്യക്ഷത വഹിച്ചു. ഇ. അശോകൻ, പി. പ്രകാശൻ, സുരേഷ്ബാബു, പി.കെ. പ്രമോദ്, എ.പി. ബാലകൃഷ്ണൻ, ജിജേഷ്, ബിജു ജോസ്, കെ. റോജിൻ സംസാരിച്ചു. ഇ.വി. പ്രഭാകരൻ സ്വാഗതവും കെ. ഗഫൂർ നന്ദിയും പറഞ്ഞു.

MAHADEVA
മനോജ്
സുമനസ്സുകളുടെ സഹായം തേടുന്നു...

മഹാദേവ ബസിന്റെ കാരുണ്യയാത്ര മൂരിക്കടവിൽ ബീന സുരേഷ് ഉദ്ഘാടനം ചെയ്യുന്നു

മനോജിന്റെ ജീവൻ രക്ഷിക്കുന്നതിന് മഹാദേവയുടെ കാരുണ്യയാത്ര

ആലക്കോട്: ചാലക്കുടിയിലുണ്ടായ അപകടത്തിൽ പരിക്കേറ്റ് ഗുരുതരനിലയിൽ മംഗലാപുരത്തെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മൂരിക്കടവ് രാജപുരം കവലയിലെ പ്ലാത്തറ മനോജിന്റെ ജീവൻ രക്ഷിക്കുന്നതിനുള്ള തുക കണ്ടെത്തുന്നതിനായി സ്വകാര്യ ബസ് കാരുണ്യയാത്ര നടത്തി. മൂരിക്കടവ്- കണ്ണൂർ റൂട്ടിലോടുന്ന 'മഹാദേവ' ബസാണ് കാരുണ്യയാത്ര നടത്തിയത്. ബസിന്റെ ഒരു ദിവസത്തെ കലക്ഷൻ തുക മനോജ് ചികിത്സാ സഹായ ഫണ്ടിലേക്ക് നീക്കിവെച്ചുകൊണ്ട് യാത്രക്കാരുടെ സഹകരണത്തോടെയാണ് കാരുണ്യ യാത്ര നടത്തിയത്. ഉദയഗിരി പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ ബീന സുരേഷ് മൂരിക്കടവിൽ കാരുണ്യയാത്ര ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർ ജോസി സഖറിയാസ്, എം.പി. രഘുകുമാർ, ശ്രീനാഥ്, ബിജു പേരടിയിൽ, ബസ് ജീവനക്കാരായ വിനീത്, ഡൈജി, രാഹുൽ, ഷാജി നേതൃത്വം നൽകി.

മുട്ടക്കോഴി വിതരണം

പട്ടുവം: പട്ടുവം ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം മുട്ടക്കോഴി വളർത്തൽ പദ്ധതിയിൽ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട 1 മുതൽ 100 വരെ ടോക്കൺ ലഭിച്ചവർക്ക് നാളെ രാവിലെ 8 മണിക്കും 101 മുതൽ 200 വരെ ടോക്കൺ ലഭിച്ചവർക്ക് 7ന് രാവിലെ 8 മണിക്കും മുറിയാത്തോട് മൃഗാശുപത്രിയിൽ വച്ച് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യും. മുട്ടക്കോഴി വിതരണോദ്ഘാടനം പട്ടുവം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ആനക്കീൽ ചന്ദ്രൻ നിർവഹിക്കും.

സ്നേഹസംഗമ യാത്ര നടത്തി

തളിപ്പറമ്പ: അബുദാബി തളിപ്പറമ്പ മുനിസിപ്പൽ കെ.എം.സി.സിയുടെ ആഭിമുഖ്യത്തിൽ യു.എ.ഇയുടെ 46-ാമത് ദേശീയ ദിനാഘോഷത്തിന്റെ ഭാഗമായി സ്നേഹ സംഗമ യാത്ര നടത്തി. പരിപാടിയോടനുബന്ധിച്ച് വിവിധയിനം കലാകായിക മൽസരങ്ങളുമുണ്ടായി. അബുദാബി ഇന്ത്യൻ ഇസ്ലാമിക് സെന്റർ പ്രസിഡണ്ട് ബാവ ഹാജി ഫ്ളാഗോഫ് നടത്തി. അബുദാബി കണ്ണൂർ ജില്ലാ കെ.എം.സി.സി. ട്രഷറർ യു. എം. ശറഫുദീൻ, അബുദാബി തളിപ്പറമ്പ മണ്ഡലം കെ.എം.സി.സി ജനറൽ സെക്രട്ടറി ശബീർ അള്ളാംകുളം, യു.എം. മായിൻ, ടി.സി. ലത്തീഫ്, ബിക്കിരി നൗഷാദ്, ഒ.ടി. അനീസ്, താജുദീൻ കായക്കൂൽ നേതൃത്വം നൽകി.

മന്ത്രോഗ നിർണ്ണയ ക്യാമ്പ്

തളിപ്പറമ്പ: മെമ്മറീസ് പുളിമ്പറമ്പിന്റെയും ജില്ലാ വെക്ടർ കൺട്രോൾ യൂനിറ്റിന്റെയും തളിപ്പറമ്പ ആരോഗ്യ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഇന്ന് വൈകുന്നേരം 6.30ന് പുളിമ്പറമ്പ് റെഡ്സ്റ്റാർ വായനശാലയിൽ സൗജന്യ മന്ത്രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കും. വാർഡ് കൗൺസിലർ വി.വി.കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്യും. മെമ്മറീസ് പ്രസിഡണ്ട് വി.വി.ബിജു അധ്യക്ഷത വഹിക്കും. തളിപ്പറമ്പ് വെക്ടർ കൺട്രോൾ ഹെൽത്ത് ഇൻസ്പെക്ടർ കെ.വി.പവിത്രൻ ക്ലാസ് നയിക്കും. മെമ്മറീസ് സെക്രട്ടറി കെ.വി.പ്രശാന്ത് സ്വാഗതവും ട്രഷറർ കെ.രമേശൻ നന്ദിയും പറയും.



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും കെമിസ്ട്രിയിൽ ഡോക്ടറേറ്റ് നേടിയ എ.എസ്.ദിവ്യ. ആലക്കോട് ആനിക്കാട്ട് സോമശേഖരപിള്ളയുടെയും ഗീതയുടെയും മകളും വടക്കാഞ്ചേരി വ്യാസാ കോളേജ് അസി. പ്രൊഫ. ഡോ. ദേവദാസിന്റെ ഭാര്യയുമാണ്.

ക്യാമ്പ് നടത്തി

വായാട്ടുപറമ്പ: വായാട്ടുപറമ്പ് ഗാന്ധി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ ബി.എസ്.എൻ.എൽ സഹകരണത്തോടെ സൗജന്യ മൊബൈൽ ഫോൺ- ആധാർ നമ്പർ ലിങ്കിങ്ങ് ക്യാമ്പ് നടത്തി. ചപ്പാരപ്പടവ് പഞ്ചായത്ത് പ്രസിഡണ്ട് പി.ജെ. മാത്യു ഉദ്ഘാടനം ചെയ്തു. ജോസ് വെട്ടുകല്ലാംകുഴി അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മെമ്പർ സജി ഓതറ, സജി കിടാരത്തിൽ, മറിയാമ്മ കൈത്തോട്ടുങ്കൽ പ്രസംഗിച്ചു. ജെ.ടി.ഒ. സാബു മുണ്ടയ്ക്ക തറപ്പേൽ, ജ്യോതി, രൂപേഷ് നേതൃത്വം നൽകി.